

TUESDAY 08/10/2024 ചൊവ്വാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

**Agriculture Development & Farmer's Welfare Department**

**Government of Kerala**

**Chief Editor: Nizam S A** **Editor: Dr. Binu Harriet Ivan**

Farm Information Bureau, Kowdiar, Thiruvananthapuram -695003
Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 08/10/2024

1. ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 16-ാമത് അക്ഷയശ്രീ അവാർഡിനുള്ള അപേക്ഷ ക്ഷണിക്കുന്നു. സംസ്ഥാനതലത്തിൽ ഏറ്റവും നല്ല ജൈവകർഷകന് രണ്ടു ലക്ഷം (Rs. 2,00,000) രൂപയും ജില്ലാതലത്തിൽ 50,000/- രൂപാ വീതമുള്ള 13 അവാർഡുകളും മട്ടുപ്പാവ്, സ്കൂൾ, കോളേജ്, വെറ്ററൻസ്, ഔഷധസസ്യങ്ങൾ എന്നീ മേഖലകൾക്കായി 10,000/- രൂപ വീതമുള്ള 33 പ്രോത്സാഹന അവാർഡുകളും ഉണ്ടായിരിക്കും. മൂന്നു വർഷത്തിനു മേൽ പൂർണമായും ജൈവഭക്ഷണകൃഷി ചെയ്യുന്ന കേരളത്തിലെ കർഷകരെയാണ് അവാർഡിന് പരിഗണിക്കുന്നത്. വെള്ളക്കടലാസിൽ കൃഷിയുടെ ലഘു വിവരണവും പൂർണ മേൽവിലാസവും വീട്ടിൽ എത്തിച്ചേരാനുള്ള വഴിയും 2 ഫോൺ നമ്പരും, ജില്ലയും അപേക്ഷയിൽ എഴുതിയിരിക്കണം. ഫോട്ടോകളോ, മറ്റു സർട്ടിഫിക്കറ്റുകളോ അപേക്ഷയോടൊപ്പം അയക്കരുത്. അപേക്ഷ അയക്കേണ്ട വിലാസം : കെ. വി. ദയാൽ, അവാർഡ് കമ്മറ്റി കൺവീനർ, ശ്രീകോവിൽ, മുഹമ്മ പി.ഒ., ആലപ്പുഴ - 688525. അപേക്ഷകൾ ലഭിക്കേണ്ട അവസാന തീയതി 2024 നവംബർ 30. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 9447152460, 9447249971 .

2. കൃഷി വിജ്ഞാനകേന്ദ്രം മലപ്പുറത്തിൻ്റെ ആഭ്യമുഖ്യത്തിൽ തവനൂരിൽ വെച്ച് കന്നുകാലി വന്ധ്യതയുമായി ബന്ധപ്പെട്ട് അഞ്ചു ദിവസം നീണ്ടു നിൽക്കുന്ന കോഴ്സ് ആഴ്ചയിൽ ഓരോ ദിവസം വീതം ഒക്ടോബർ നവംബർ മാസങ്ങളിൽ നടത്തപ്പെടുന്നു. പങ്കെടുക്കാൻ താൽപര്യമുള്ള ക്ഷീരകർഷകർ ഒക്ടോബർ മാസം 10 നു മുൻപായി 8547193685 നമ്പറിൽ വിളിച്ചോ kvkmalappuram@kau.in എന്ന ഇമെയിൽ വഴിയോ പേര് രജിസ്റ്റർ

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ചെയ്യേണ്ടതാണ്. ആദ്യം രജിസ്റ്റർ ചെയ്യുന്ന 30 പേർക്ക് മാത്രമാണ് ആദ്യത്തെ ബാച്ചിൽ അവസരം ഉണ്ടായിരിക്കുക.

3. കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള വൈറ്റില നെല്ലുഗവേഷണകേന്ദ്രത്തിൽ വിവിധ കാർഷികോപാധികൾ വിൽപ്പനയ്ക്ക്, പച്ചക്കറിവിത്തുകൾ, തൈകൾ, മാവ്, പ്ലാവ്, സപ്പോട്ട, പേര, നാരകം, ചാമ്പ എന്നീ ഫലവൃക്ഷത്തൈകൾ, ഭൗമസൂചികാപദവിയുള്ള തിരുവല്ല ശർക്കര, സസ്യസംരക്ഷണ ഉപാധികളായ സ്യൂഡോമോണാസ്, ലിക്വിഡ് സ്യൂഡോമോണാസ്, ട്രൈക്കോഡെർമ, ബ്യൂവേറിയ, വെർട്ടിസീലിയം, മാമ്പഴക്കെണി, പച്ചക്കറിക്കെണി, സൂക്ഷ്മമൂലക മിശ്രിതമായ സമ്പൂർണ എന്നിവ ലഭിക്കും. വിവരങ്ങൾക്കായി 0484– 2809963, 80752 20868 എന്നീ ഫോൺ നമ്പരിൽ വിളിക്കുക.

4. ഫിഷറീസ് വകുപ്പ് നടപ്പിലാക്കുന്ന പ്രധാനമന്ത്രി മത്സ്യ സമ്പദയോജന പദ്ധതിയുടെ ഘടക പദ്ധതിയായ ഉപ്പുവെള്ള പ്രദേശങ്ങളിൽ ബയോഫ്ളോക് കുളം നിർമ്മാണ പദ്ധതിയിലേക്ക് അപേക്ഷ ക്ഷണിച്ചു. പദ്ധതിയുടെ നിശ്ചിത അപേക്ഷകൾ തലശ്ശേരി, കണ്ണൂർ, മാടായി, അഴീക്കോട് മത്സ്യഭവൻ ഓഫീസുകളിൽ ലഭ്യമാണ്. പൂരിപ്പിച്ച അപേക്ഷകൾ അനുബന്ധ രേഖകൾ സഹിതം ഒക്ടോബർ 15 വൈകീട്ട് നാല് മണിവരെ ഓഫിസുകളിൽ സ്വീകരിക്കും. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 0497 2732340.

5. അസാപ്പ് കേരളയും കൊച്ചിൻ ഷിപ്പ്യാർഡും സംയുക്തമായി നടത്തുന്ന മറൈൻ സ്ട്രക്ചറൽ ഫിറ്റർ കോഴ്സിലേയ്ക്ക് സ്പോട്ട് അഡ്മിഷൻ നടത്തുന്നു. 7 സീറ്റുകളിലാണ് ഒഴിവുള്ളത് (3 സീറ്റ് മൈനോറിറ്റി വിഭാഗത്തിനുള്ളതാണ്). ഐടിഐ വെൽഡർ, ഫിറ്റർ, ഷീറ്റ് മെറ്റൽ എന്നീ ട്രേഡുകൾ 2020ന് ശേഷം പാസൗട്ട് ആയ കുട്ടികൾക്കാണ് അവസരം. ന്യൂനപക്ഷ മത വിഭാഗങ്ങളിൽ ഉൾപ്പെട്ട (ക്രിസ്ത്യൻ, മുസ്ലിം, ജൈന, ബുദ്ധ, പാഴ്സി)

വിദ്യാർത്ഥികൾക്ക് കോഴ്സ് സൗജന്യമായിരിക്കും. ഒക്ടോബർ 10ന് ക്ലാസ് തുടങ്ങുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് 7736925907/9495999688 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

**പരിശീലന പരിപാടി**

6. ക്ഷീരവികസന വകുപ്പിന്റെ വലിയതുറയിൽ പ്രവർത്തിക്കുന്ന തീറ്റപ്പുൽകൃഷി വികസന പരിശീലന കേന്ദ്രത്തിൽ വച്ച് ക്ഷീരകർഷകർക്ക് വിവിധ വിഷയങ്ങളിൽ ഒക്ടോബർ 08, 09 തീയതികളിൽ പരിശീലനം നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് 9388834424/9446453247 എന്നീ നമ്പരുകളിൽ വിളിക്കുക അല്ലെങ്കിൽ വാട്സ് അപ്പ് ചെയ്യുക.

7. ക്ഷീരവികസന വകുപ്പിൻറെ കീഴിലുള്ള ഓച്ചിറ ക്ഷീരോത്പന്ന നിർമ്മാണ പരിശീലന വികസന കേന്ദ്രത്തിൽ വച്ച് 2024 ഒക്ടോബർ 09, 10 തീയതികളിൽ 2 ദിവസത്തെ 'തീറ്റപ്പുൽകൃഷി പരിശീലന' പരിപാടി സംഘടിപ്പിച്ചിരിക്കുന്നു. താൽപ്പര്യമുള്ള ക്ഷീരകർഷകർ ഓച്ചിറ ക്ഷീരപരിശീലന കേന്ദ്രം മുഖേന നേരിട്ടോ ആലപ്പുഴ, കൊല്ലം ഡെപ്യൂട്ടി ഡയറക്ടർമാർ മുഖാന്തിരമോ, അതാത് ബ്ലോക്ക് ക്ഷീരവികസന ഓഫീസർമാർ മുഖാന്തിരമോ രജിസ്റ്റർ ചെയ്യേണ്ടതാണ്. കഴിഞ്ഞ 3 വർഷങ്ങളിലെപ്പോഴെങ്കിലും ഇതേ പരിശീലനത്തിൽ ഓഫ് ലൈൻ ആയി പങ്കെടുത്തിട്ടുള്ളവർക്ക് ഈ പരിശീലനത്തിൽ പങ്കെടുക്കാൻ അർഹത ഉണ്ടായിരിക്കുന്നതല്ല. പരിശീലനാർത്ഥികൾ 2024 ഒക്ടോബർ 7-ന് വൈകുന്നരം 5 മണിക്ക് മുമ്പായി 8089391209, 0476 – 2698550 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെട്ട് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. പരിശീലനത്തിൽ പങ്കടുക്കുന്നവർ ബാങ്ക് പാസ്സ് ബുക്കിന്റെ പകർപ്പും ഏതെങ്കിലും തിരിച്ചറിയൽ രേഖയുടെ പകർപ്പും പരിശീലനത്തിനെത്തുമ്പോൾ ഹാജരാക്കേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് 20/ രൂപ.